**കേരളം സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം- സമാശ്വാസ തൊഴിൽദാന പദ്ധതി- തൃശ്ശൂർ ജില്ല ദാരിദ്ര്യ ലഘൂകരണ വിഭാഗം ഓഫീസിൽ സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ സേവനമനുഷ്ഠിക്കവെ മരണമടഞ്ഞ ശ്രീ. ബിനോയ് പി.ജി-യുടെ ഭാര്യ ശ്രീമതി. രസ്മ. കെ.കെ-യ്ക്ക് വനിതാ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ(ഐ.ബി) വകുപ്പ്**

സ.ഉ.(കൈ) നം.136/2026/LSGD തീയതി,തിരുവനന്തപുരം, 23-10-2026

---

പരാമർശം:-

1. 24/05/1999 തീയതി സ.ഉ.(പി)നം.12/99/പി.&എ.ആർ.ഡി
2. 29/3/2025 തീയതി സ.ഉ.(അച്ചടി)നം.4/2025/പി.&എ.ആർ.ഡി.
3. ശ്രീമതി. രസ്മ കെ.കെ സമർപ്പിച്ച 18/04/2024 തീയതി അപേക്ഷ
4. പ്രിൻസിപ്പൽ ഡയറക്ടറുടെ 29/07/2024, 20/09/2025, 04/12/2025 തീയതികളിലുള്ള LSGD/PD/25613/2024-DEF7 നമ്പർ കത്തുകൾ
5. തൃശ്ശൂർ ജില്ലാ കളക്ടറുടെ 11/11/2024 തീയതി DCTSR/9038/2024-A6 നമ്പർ കത്ത്
6. ശ്രീമതി. രസ്മ കെ.കെ സമർപ്പിച്ച 25/09/2025 തീയതിയിലെ തസ്തികമാറ്റ അപേക്ഷ
7. പൊതുഭരണ(സർവ്വീസസ്-ഡി) വകുപ്പിന്റെ 18/09/2026 തീയതി എസ്.ഡി.3/156/2026-ജി.എ.ഡി നമ്പർ കത്ത്

**ഉത്തരവ്**

തൃശ്ശൂർ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം ഓഫീസിൽ സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ മരണമടഞ്ഞ ശ്രീ. ബിനോയ് പി.ജി-യുടെ ഭാര്യ ശ്രീമതി. രസ്മ കെ.കെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് പരാമർശം (3) പ്രകാരം സമർപ്പിച്ച അപേക്ഷയും അനുബന്ധരേഖകളും പരാമർശം (4) കത്ത് പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സർക്കാരിൽ

സമർപ്പിച്ചിരുന്നു.

2) ശ്രീമതി. രസ്മ കെ.കെ-യുടെ ജനന തീയതി **16.05.1986** തീയതി ആണെന്നും അപേക്ഷക **SSLC, BEd, K-TET** യോഗ്യത നേടിയിട്ടുണ്ടെന്നും അപേക്ഷക പുനർവിവാഹം കഴിച്ചിട്ടില്ല എന്ന് നാട്ടിക വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ വിവരവും അപേക്ഷകയ്ക്ക് ജോലി നൽകുന്നതിന് സമ്മതമാണെന്ന് കാണിച്ച് മരണപ്പെട്ട ജീവനക്കാരന്റെ മാതാവും അനന്തരാവാകാശസാക്ഷ്യപത്രത്തിലുൾപ്പെട്ട പ്രായപൂർത്തിയാകാത്ത അവകാശികളായ മക്കൾക്കുവേണ്ടി ശ്രീമതി. രസ്മ കെ.കെ എന്നവരും സമ്മതപത്രം നൽകിയിട്ടുണ്ടെന്നും സംരക്ഷണ സമ്മതമൊഴി സമർപ്പിച്ചിട്ടുണ്ടെന്നും ആയതിനാൽ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകുന്നതിന് പരിഗണിക്കാവുന്നതാണെന്ന് പരാമർശം (5) കത്ത് പ്രകാരം തൃശ്ശൂർ ജില്ലാ കളക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

3) എന്നാൽ ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിക്കാൻ കാലതാമസം നേരിടേണ്ടി വരുമെന്നതിനാൽ വനിതാ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ നിയമനത്തിന് പരിഗണിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി. രസ്മ കെ.കെ പരാമർശം (6) പ്രകാരം അപേക്ഷ സമർപ്പിക്കുകയുണ്ടായി.

4) സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നിയമനം ലഭിക്കുന്നതിന് ശ്രീമതി. രസ്മ കെ.കെ സമർപ്പിച്ച അപേക്ഷ, പ്രിൻസിപ്പൽ ഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടുകൾ, തൃശ്ശൂർ ജില്ലാ കളക്ടറുടെ റിപ്പോർട്ട് എന്നിവ സർക്കാർ വിശദമായി പരിശോധിച്ചു. വനിതാ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള 9 ഒഴിവുകളിൽ ഒന്ന് ശ്രീമതി. രസ്മ കെ.കെ-യ്ക്ക് അനുവദിച്ച് പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് പരാമർശം (7) പ്രകാരം നിയമന ശിപാർശ ചെയ്യുകയുണ്ടായി.

5) തൃശ്ശൂർ ജില്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം ഓഫീസിൽ സീനിയർ ഗ്രേഡ് ഡ്രൈവർ തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ മരണമടഞ്ഞ ശ്രീ. ബിനോയ് പി.ജി-യുടെ ഭാര്യ ശ്രീമതി. രസ്മ കെ.കെ-യ്ക്ക് പരാമർശം (1), (2) ഉത്തരവുകളിലെയും മറ്റ് അനുബന്ധ ഉത്തരവുകളിലെയും വ്യവസ്ഥകൾക്ക് വിധേയമായി, സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരം വനിതാ സിവിൽ പോലീസ് ഓഫീസർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകുന്നതിന് സംസ്ഥാന പോലീസ് മേധാവിയ്ക്ക് അനുമതി നൽകി ഉത്തരവാകുന്നു.

6) അപേക്ഷകന്റെ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മെഡിക്കൽ ഫിററ്നസ് തുടങ്ങിയ രേഖകൾ നിലവിലുള്ള ചട്ടപ്രകാരം പരിശോധിച്ച ശേഷം നിയമന ഉത്തരവ് പുറപ്പെടുവിക്കേണ്ടതും നിയമന ഉത്തരവിന്റെ പകർപ്പ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

7) ശ്രീമതി. രസ്മ കെ.കെ-യ്ക്ക് നിയമനം നൽകിയ വിവരം പരേതന്റെ സർവ്വീസ് ബുക്കിലും, അദ്ദേഹം അവസാനം സേവനമനുഷ്ഠിച്ച ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും രേഖപ്പെടുത്തേണ്ടതും ആയത് ഓഫീസ്/വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തിയിരിക്കേണ്ടതുമാണ്.

8) സമാശ്വാസ തൊഴിൽ ദാന പദ്ധതി പ്രകാരമുള്ള നിയമനം അനുവദിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷം തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ടി ഉത്തരവ് പുറപ്പെടുവിച്ചതെന്ന് പരിശോധനയിൽ കണ്ടെത്തിയാൽ ടി നിയമന ഉത്തരവ് റദ്ദാക്കാൻ സർക്കാരിന് അധികാരമുണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനുപമ ടി വി ഐ എ എസ്
സെക്രട്ടറി

1. സംസ്ഥാന പോലീസ് മേധാവി, സംസ്ഥാന പോലീസ് മേധാവിയുടെ കാര്യാലയം, തിരുവനന്തപുരം
2. ശ്രീമതി. രസ്മ കെ.കെ, Korote (H), നാട്ടിക, തൃശ്ശൂർ-680566
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
4. ജില്ലാ കളക്ടർ, തൃശ്ശൂർ
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)), കേരള, തിരുവനന്തപുരം
6. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
7. പൊതുഭരണ സർവ്വീസസ് (ഡി) വകുപ്പ്
8. ആഭ്യന്തര (കെ) വകുപ്പ്
9. ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് ( വെബ്& ന്യൂമീഡിയ) വകുപ്പ്
10. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Digitally signed by
Geetha. T. S
Date: 24-10-2026
11:00:44
സെക്ഷൻ ഓഫീസർ